കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം22/2420/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 01/11/2018

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുഴിമണ്ണ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എബികെ

നം. കെ.എസ്.എ.എം.പി.എം22/2420/2018

തിയ്യതി: 01/11/2018

<u>മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.09.2017 മുതൽ 10.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 11-09-2018 മുതൽ 24-09-2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.കെ മൂസ്സ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.സലീം പാഷ എസ്.ഇ,<br>(സെക്രട്ടറി ഇൻചാർജ്) | 01.04.2017 മുതൽ 18.04.17 വരെ |
| 2.ശ്രീ.യോഗീന്ദ്ര ദേവൻ, സെക്രട്ടറി | 19.04.2017 മുതൽ 07.06.17വരെ |

| | |
|---|---|
| 3.ശ്രീമതി.പ്രസന്നകുമാരി, സെക്രട്ടറി | 08.06.17 മുതൽ 20.01.2018 വരെ |
| 4.ശ്രീ. മുഹമ്മദ് ഫൈസൽ(സെക്രട്ടറി ഇൻചാർജ്) | 21.01.2018 മുതൽ 05.02.2018 വരെ |
| 5.ശ്രീ.നൈസാം എസ്, സെക്രട്ടറി | 06.02.2018മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.സലീം പാഷ എസ്.ഇ, (സെക്രട്ടറി ഇൻ ചാർജ്) | 01.04.2017 മുതൽ 18.04.17 വരെ |
| | ശ്രീ.യോഗീന്ദ്ര ദേവൻ | 19.04.2017 മുതൽ 07.06.17വരെ |
| | ശ്രീമതി.പ്രസന്നകുമാരി | 08.06.17 മുതൽ 20.01.2018 വരെ |
| | ശ്രീ. മുഹമ്മദ് ഫൈസൽ(സെക്രട്ടറി ഇൻ ചാർജ്) | 21.01.2018 മുതൽ 05.02.2018വരെ |
| | ശ്രീ.നൈസാം എസ് | 06.02.2018മുതൽ31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഒഴിവ് | 01.04.2017 മുതൽ 21.04.17 വരെ |
| | ശ്രീ.സന്തോഷ് ഐ | 22.04.2017 മുതൽ 19.06.17 വരെ |
| | ശ്രീ.മുഹമ്മദ് ഫൈസൽ | 20.06.2017 മുതൽ 31.03.18 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ആശ | 01.04.2017മുതൽ 14.12.2017 വരെ |
| | ശ്രീ.ഷഫീക്ക് കെ | 15.12.2017 മുതൽ 03.02.2018വരെ |
| | ശ്രീ. ഷിജു ജോയ്(ഇൻ ചാർജ്ജ്) | 04.02.2018 മുതൽ 14.03.2018വരെ |
| | ശ്രീ.ഷഫീക്ക് കെ | 15.03.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മൂസ്സ.വി.കെ | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറിസർജൻ | ഡോ.കണ്ണൻ മുത്തുമാണിക്യം | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | ഡോ. മർവ്വ കുഞ്ഞീൻ | 01.04.2017മുതൽ16.11.2017 വരെ |
| | ഡോ.റിനി എം.ആർ | 17.11.2017മുതൽ31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ. റിയാസ് | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്സൂപ്പർവൈസർ | ശ്രീമതി.സുഫൈറത്ത് | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. അബ്ദുസ്സമദ് | 01.04.2017 മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഡയാന സാംസൺ(Contract) | 01.04.2017മുതൽ 30.06.2018വരെ |
| | ശ്രീ.ബാബു സക്കീർ (ഇൻ ചാർജ്ജ്) | 01.07.2017മുതൽ 01.08.2017വരെ |
| | ശ്രീ.നജ്മുദ്ദീൻ | 02.08.2017 മുതൽ31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I | |

| | | |
|---|---|---|
| ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | ഡി&ഒ ലൈസൻസ് അനുവദിക്കൽ - അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി-അപാകതകൾ | 2-2 |
| 15 | കെട്ടിട പെർമിറ്റ് ഫീസ് കുറവായി ഈടാക്കി | 2-3 |
| 16 | വസ്തു നികുതി കുറവായി ഈടാക്കി | 2-4 |
| 17 | നിയമപരമല്ലാത്ത കെട്ടിടത്തിന് നികുതി ചുമത്തിയില്ല - ₹ 399432 നഷ്ടം | 2-5 |
| 18 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല | 2-6 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 19 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-1 |
| 20 | എസ്.സി വിവാഹധനസഹായം - അധിക തുക അനുവദിച്ചു | 3-2 |
| 21 | പരിരക്ഷ പദ്ധതി - മാർഗ്ഗരേഖ നിർദേശം പാലിക്കേണ്ടതാണ് | 3-3 |
| 22 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 3-4 |
| 23 | അനിവാര്യമല്ലാത്ത പ്രവൃത്തികൾ നടത്തി -പൊതു പണം പാഴ്ചെലവായി | 3-5 |
| 24 | കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല- പാഴ്ചെലവ്. | 3-6 |
| 25 | നികുതി കുറവാക്കാതെ പണം നൽകി. | 3-7 |
| 26 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി നടപ്പാക്കി | 3-8 |
| 27 | വിതരണം ചെയ്യാതെ ബാക്കിവന്ന ടാർ നഷ്ടപ്പെട്ടു ₹ 5950 നഷ്ടം | 3-9 |
| 28 | ടാർ പൂർണ്ണമായി ലഭിച്ചിട്ടില്ല. | 3-10 |
| 29 | അധികമായി നൽകിയ ടാർ വില പൂർണ്ണമായി ഈടാക്കിയിട്ടില്ല. | 3-11 |
| 30 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല. | 3-12 |
| 31 | നികുതി കുറവായി ഈടാക്കി. | 3-13 |

| | | |
|---|---|---|
| 32 | മരാമത്ത് പ്രവൃത്തികൾ- വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായി ഇടപെടുന്നില്ല. | 3-14 |
| 33 | എൻ.ആർ.ഇ.ജി.എസ് പ്രവൃത്തി:മെറ്റീരിയൽ വാങ്ങൽ-കരാറുകാരൻ ക്വാട്ട് ചെയ്തതിലും കൂടുതൽ തുക നൽകി | 3-15 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 45 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 46 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 47 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 1(2)/28-03-2017 |
| പുതുക്കിയ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 8(1)/06-03-2018 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 15.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 11.06.2018 മുതൽ 14.06.2018 വരെ | കെ.എസ്.എ.എം.പി.എം. 22/1208 /2018/03-08-2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 13289549 |
| വരവ് | 74360332 |
| ആകെ | 87649881 |
| ചെലവ് | 78532814 |
| നീക്കിബാക്കി | 9117067 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13909800 | 13909800 | 11429936 | 2479864 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8037734 | 8037734 | 6161061 | 1876673 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 5998 | 5998 | 0 | 5998 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 15757000 | 15757000 | 15663900 | 93100 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3029000 | 3029000 | 2598412 | 430588 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6318427 | 6318427 | 4928156 | 1390271 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 1763077 | 1763077 | 1450628 | 312449 |
| KGB-എൻ.ആർ.ഇ.ജി.എസ് | 26845 | 13957521 | 13984366 | 13982606 | 1760 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 2555000 | 2555000 | 2462619 | 92381 |
| BOI-കറന്റ് അക്കൗണ്ട് | 3271947 | 19568021 | 22839968 | 15123159 | 7716809 |
| തനത് ഫണ്ട്- കെ.എസ്.സി.ബി | 3487358 | 89028 | 3576386 | 1502362 | 2074024 |
| എസ്.ബി.ടി. ബി ഫണ്ട് | 87123 | 0 | 87123 | 0 | 87123 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 5635942 | 12910590 | 18546532 | 20134735 | -1588203 |
| എസ്.എം.ജി.ബി-ജലനിധി | 153730 | 6226 | 159956 | 0 | 159956 |
| എസ്.എം.ജി.ബി-എസ്.എസ്.എ | 229587 | 6568 | 236155 | 133844 | 102311 |
| എസ്.ബി.ഐ-ഒ.എ.പി | 236246 | 8801 | 245047 | 0 | 245047 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 341 | 79900327 | 244 | 50412374 | 0 | 97 | 71.56 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 26845 | 1115883 | 1142728 | 1140968 | 1760 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12841638 | 12841638 | 12841638 | 0 |
| ആകെ | 26845 | 13957521 | 13984366 | 13982606 | 1760 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 223320 | 419 |
| കർഷകതൊഴിലാളിപെൻഷൻ | 7134700 | 601 |
| വിധവാപെൻഷൻ | 11136800 | 933 |
| വാർദ്ധക്യകാലപെൻഷൻ | 21337000 | 1648 |
| വികലാംഗപെൻഷൻ | 4624500 | 424 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 219500 | 25 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.09.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.പരിശോധനയിൽ 72843/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം(ഓഡിറ്റ് മാന്വൽ പാർട്ട് I അനുബന്ധം ബി)

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2. തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3. വാട്ടർ ടാപ്പുകളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. ആസ്തി രജിസ്റ്റർ വാർഷിക കണക്കുമായി താരതമ്യപ്പെടുത്താവുന്ന വിധം കാലികമാക്കിയിട്ടില്ല.
5. ബാങ്ക് ബുക്ക് ദിനേന സാക്ഷ്യപ്പെടുത്തി നീക്കിയിരുപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല
7. പ്രതിമാസ റി കൺസിലിയേഷൻ പത്രിക അതാത് മാസം തന്നെ തയ്യാറാക്കുന്നില്ല. ഇക്കാരണത്താൽ തന്നെ ബാങ്ക് നേരിട്ട് അക്കൗണ്ടിൽ വരവ് വക്കുന്നതും അക്കൗണ്ടിൽ നിന്ന് പിൻവലിക്കുന്നതുമായ തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല ( ഉദാ ട്രഷറി ടി.എസ്.ബി , സ്പെഷ്യൽ ടി.എസ്.ബി, ജലനിധി അക്കൗണ്ടുകൾ......). എല്ലാ അക്കൗണ്ടുകളുടെയും റി കൺസിലിയേഷൻ പത്രിക പ്രതിമാസം തയ്യാറാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.07.2018 | 01.06.2018 മുതൽ 30.06.2018 വരെ | 17.07.2018 |
| എ.ജി ഓഡിറ്റ് | 16.03.2011 മുതൽ 28.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 16.05.2011 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ.എം.പി.എം. 22/1208/2018/03-08-2018 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച വാർഷികകണക്കുകളിലെ ചുവടെ ചേർത്ത അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

1.) അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2.) പ്രതിമാസ റി കൺസിലിയേഷൻ പത്രിക അതാത് മാസം തന്നെ തയ്യാറാക്കുന്നില്ല. ഇക്കാരണത്താൽ തന്നെ ബാങ്ക് നേരിട്ട് അക്കൗണ്ടിൽ വരവ് വക്കുന്നതും അക്കൗണ്ടിൽ നിന്ന് പിൻവലിക്കുന്നതുമായ തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല ( ഉദാ ട്രഷറി ടി.എസ്.ബി , സ്പെഷ്യൽ ടി.എസ്.ബി, ജലനിധി അക്കൗണ്ടുകൾ......). എല്ലാ അക്കൗണ്ടുകളുടെയും റി കൺസിലിയേഷൻ പത്രിക പ്രതിമാസം തയ്യാറാക്കുന്നില്ല.

3)എസ്.ബി.ഐ യിലെ ബി ഫണ്ട് സ്കൂൾ ബിൽഡിംഗ് അക്കൗണ്ട് എന്ന ബാങ്ക് അക്കൗണ്ടിൽ ₹ 87123 നീക്കിയിരിപ്പുള്ളതായി കാണുന്നു എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ തുകയൊന്നും ഇല്ല. റി കൺസിലിയേഷൻ പത്രികയിൽ തുക ബാങ്ക് പിൻവലിച്ചു എന്ന് കാണുന്നു.

4)ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കാൻ (വാർഷിക സംക്ഷിപ്തം തയ്യാറാക്കാത്തിനാലും ആസ്തികളുടെ തേയ്മാനം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കാത്തതിനാലും) സാധിക്കുന്നില്ല.

5)ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ( റേഷ്യോസ്) പത്രിക , അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6)ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ ഇക്വിറ്റി ഷെയർ ആയി 5400 ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുണ്ട് എന്നാൽ ഈ തുകയുടെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് അനുവദിക്കൽ - അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ), ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചതിൽ ചുവടെ ചേർത്ത അപേക്ഷകനിൽ നിന്നും ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിരുന്നത്.

| അസ്സസ്മെന്റ് നമ്പർ | അപേക്ഷകന്റെ പേര് | ലൈസൻസ് നൽകിയതിന്റെ ഉദ്ദേശം | അപേക്ഷ പ്രകാരമുള്ള വിറ്റുവരവ് | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | ഈടാക്കാൻ ബാക്കിയുള്ള ഫീസ് |
|---|---|---|---|---|---|---|
| 47 | കെ. ഗോപി | പെട്രോൾ പമ്പ് നടത്താൻ | 30000 | 500 | 1000 | 500 |

ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനടിസ്ഥാനമായ വിവരങ്ങളുൾപ്പടെ അപേക്ഷയിലെ പ്രസക്ത ഭാഗങ്ങളായ വിറ്റുവരവ്, അന്വേഷണ റിപ്പോർട്ട്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ്

സെക്രട്ടറിയുടെ ഒപ്പ് തുടങ്ങിയ വിവരങ്ങൾ അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ കിഴിശ്ശേരി നഗരത്തിലുൾപ്പടെ ലൈസൻസ് എടുക്കാതെയും ലൈസൻസ് പുതുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒന്നിലധികം പേർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയ ചില അപേക്ഷകളിൽ വളരെ കുറഞ്ഞ വിറ്റുവരവ് രേഖപ്പെടുത്തിയത് വസ്തുതാപരമല്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.9/15-09-18 ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന 500/-രൂപ അടവാക്കിയതായും പഞ്ചായത്തിലെ 80% സ്ഥാപനങ്ങളും ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചു.

ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷയിലെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തി നിയമാനുസൃതമായ ഫീസ് ചുമത്തുകയും അന്വേഷണ റിപ്പോർട്ട്,അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ് സെക്രട്ടറിയുടെ ഒപ്പ് തുടങ്ങിയവ രേഖപ്പെടുത്തുകയും ചെയ്ത ശേഷം മാത്രമെ ലൈസൻസ് അനുവദിക്കാൻ പാടുള്ളൂ. പഞ്ചായത്ത് പരിധിയിലെ ഏതെല്ലാം സ്ഥാപനങ്ങളാണ് കാലാവധിയുള്ള ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് എന്ന് പരിശോധിച്ച് കണ്ടെത്തി ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ കൈകൊണ്ട് ഈയിനത്തിലുള്ള കൃത്യമായ വരവ് പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ചേർന്ന് സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ റേഷൻകടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ഗ്രാമപഞ്ചായത്ത് ലൈസൻസ് എടുത്തിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അടിയന്തിരമായി ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി-അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ/സ്ഥാപന നികുതി ചില വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | അൽ അൻസാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I,II |
| 2 | റേഷൻ കടകൾ | I,II |

2) ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I, II |
| 2 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് | I |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ/സ്ഥാപന തൊഴിൽ നികുതികൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

3) ചുവടെ ചേർത്ത വ്യക്തികൾ 60 ദിവസത്തിലധികം പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്ത ശേഷമാണ് സ്ഥലം മാറിപ്പോയത്, ടി വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| അസസ്സമെന്റ് നമ്പർ | വ്യക്തിയുടെ പേര് | തസ്തിക | സ്ഥാപനത്തിന്റെ പേര്, വിടുതൽ ചെയ്ത തിയ്യതി | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|
| 20 | ശ്രീദേവി.കെ.കെ | | PHCകുഴിമണ്ണ,16-12-17 | II |
| 22 | ഗോപി | സീനി.സൂപ്രണ്ട് | അസി. എഡ്യുക്കേഷൻ ഓഫിസ്,17-06-17 | I |
| 22 | ബെൻസീറ | സീനി.ക്ലർക്ക് | അസി. എഡ്യുക്കേഷൻ ഓഫിസ്,12-06-17 | I |
| 22 | ഷിബു | സീനി.ക്ലർക്ക് | അസി. എഡ്യുക്കേഷൻ ഓഫിസ്,02-08-17 | I |
| 24 | അബ്ദുറഹ്മാൻ കോട്ട | മസ്ദൂർ | KSEB എക്സി.എഞ്ചി.ഓഫീസ്,03-01-18 | II |
| 24 | നൗഷാദ് കെ.എ | മസ്ദൂർ | KSEB എക്സി.എഞ്ചി.ഓഫീസ്,01-01-18 | II |
| 24 | മോഹനൻ | മസ്ദൂർ | KSEB എക്സി.എഞ്ചി.ഓഫീസ്,03-01-18 | II |
| 24 | ബിജു.കെ | മസ്ദൂർ | KSEB എക്സി.എഞ്ചി.ഓഫീസ്,03-01-18 | II |
| 24 | സുബ്രമണ്യൻ | മസ്ദൂർ | KSEB എക്സി.എഞ്ചി.ഓഫീസ്,03-01-18 | II |

4)ചുവടെ ചേർത്ത വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, ആയതിന്റെ കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല

| അസസ്സമെന്റ് നമ്പർ | വ്യക്തിയുടെ പേര് | തസ്തിക | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|
| 14 | ഷൈജൽ എൻ.എച്ച് | ജൂ.അറബിക് ടീച്ചർ | GLPS കിഴിശ്ശേരി | II |
| 15 | പ്രവീൺകുമാർ പി | എച്ച.എസ്.എ സോഷ്യൽ സയൻസ് | GHS കിഴിശ്ശേരി | II |
| 15 | ശശികുമാർ പി | ഒ.എ | GHS കിഴിശ്ശേരി | II |
| 25 | ജഗദീഷൻ | ഓവർസിയർ | KSEB,ഡെ.ചീഫ്.എഞ്ചി.ഓഫീസ് | II |
| 25 | ഉണ്ണികൃഷ്ണൻ | ഓവർസിയർ | KSEB,ഡെ.ചീഫ്.എഞ്ചി.ഓഫീസ് | II |
| 26 | ഡയാന സാാംസൺ | കൃഷി ഓഫീസർ(contract) | കൃഷി ഭവൻ | I |
| 28 | നീലകണ്ഠൻ | ടെലി.ടെക്നീഷ്യൻ | BSNL | II |
| 29 | ജയപ്രകാശൻ | അസി.ഫീൽഡ് ഓഫീസർ | വെറ്റ്.ഡിസ്പെൻസറി | II |
| 34 | സതീറ | കസ്റ്റമർ സർവ്വീസ് എക്സ്സിക്യൂട്ടീവ് | മുത്തൂറ്റ് ഫിൻകോർപ്പ് | II |
| 37 | ഫൈസൽബാബു | | മഞ്ചേരി അർബൺ ബാങ്ക് | II |
| 39 | അമിഷ എം | ക്ലർക്ക് | സൗത്ത് ഇന്ത്യൻ ബാങ്ക് | II |
| 41 | രേഖ ചന്ദ്ര | അസോസിയേറ്റ് | എസ്.ബി.ഐ | II |

മേൽ വ്യക്തികൾ അതത് സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത് പോയവരാണെങ്കിൽ വിടുതൽ ചെയ്ത തിയ്യതി സഹിതം അക്കാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ നിലവിൽ ജോലി ചെയ്യുന്നവരാണെങ്കിൽ നികുതി ഈടാക്കുകയോ ചെയ്യേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ്

നം.6/14-09-18 ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ടവർക്ക് കത്തയച്ചതായും സ്ഥാപന/തൊഴിൽ നികുതികൾ ഈടാക്കുകയും ജീവനക്കാർ മറ്റ് പഞ്ചായത്തുകളിൽ അടവാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കുന്നതുമാണെന്നും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ പ്രകാരമുള്ള കെട്ടിട പെർമിറ്റ് ഫീസ്, കെട്ടിടം ക്രമവൽക്കരിച്ച് നൽകിയപ്പോൾ പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കാതെ ചുവടെ ചേർത്ത അപേക്ഷകനിൽ നിന്നും കുറവായി ഈടാക്കിയതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്/അനുവദിച്ച നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം/ തരം | ഈടാക്കിയ ഫീസ്,രസീത് നമ്പർ | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|
| ശ്രീ. വലിയതൊടിക അബ്ബാസ്, 14/206A | 217.23 $m^2$ പാർപ്പിടം | 1107/-, 11712010368412/09-10-17 | 2172/- (217.23 x5x2) | 1065 |

ആകെ 1065/- രൂപയുടെ കുറവുണ്ട്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.21/24-09-18 ന് പഞ്ചായത്ത് മറുപടിയും ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 1065/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി കുറവായി ഈടാക്കി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 18-10-2011 ലെ എ2-8796/2011 നമ്പർ വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം എന്നിവ പ്രകാരമുള്ള നിരക്കിൽ നികുതിയും 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% നികുതി വർധനയും ചുവടെ ചേർത്ത അപേക്ഷകരിൽ നിന്ന് ഈടാക്കാത്തതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. 70 $m^2$ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 56 $m^2$ തറ വിസ്തീർണ്ണം എന്ന് രേഖപ്പെടുത്തി നികുതി കുറവായി ഈടാക്കുകയും 100 $m^2$ മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 $m^2$ ന് താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി അവയുടെ നികുതി നിരക്കായ 30 രൂപ/$m^2$ ന് നികുതി ഈടാക്കിയതായും കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര്/അനുവദിച്ച നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം/ തരം | ഈടാക്കിയ നികുതി(ഗ്രന്ഥശാല വരി ഉൾപ്പടെ),രസീത് നമ്പർ | ഈടാക്കേണ്ടത്(ഗ്രന്ഥശാല വരി ഉൾപ്പടെ) | കുറവ് | കുറിപ്പ്/അപാകത |
|---|---|---|---|---|---|---|
| 1 | ശ്രീ.അബ്ദുറസാഖ് & ശ്രീമതി.ഷഹാദ, 13/317A | 221 $m^2$ പാർപ്പിടം | 630/-, 117120106319/29-01-18 | 765 (729+36) 221x3-10% (ദ്വിതീയ മേഖല) +20% (വഴി)+ 5% (LC) | 135 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉണ്ടായിട്ടും 20% വർധനവ് കണക്കിലെടുത്തില്ല |
| 2 | ശ്രീമതി. കരീകുന്നൻ സഫിയ, 1/445A,B,C | 119.91 $m^2$ പാർപ്പിടം | 378/-, 117120103410-12/26-09-17 | 453 (432+21) 119.91x3+20 %+5%(LC) | 75 | |
| 3 | ശ്രീ. പാറശ്ശേരി ഹസ്സൻ 2/208B | 70 $m^2$ വാണിജ്യം | 1588/-,118120103023 /02-07-18 | 1984.5 (1890+94.5) 70x30-10%(മേഖല)+ 5% (LC) | 396 | ഓവർസിയറുടെ റിപ്പോർട്ടിൽ 56 $m^2$ തറ വിസ്തീർണ്ണമാണ് രേഖപ്പെടുത്തിയതെങ്കിലും കെട്ടിട ഉടമ സമർപ്പിച്ചതും ഓവർസിയർ സാക്ഷ്യപ്പെടുത്തിയതുമായപ്ലാൻ പ്രകാരം കെട്ടിടത്തിന് 70 $m^2$ തറ വിസ്തീർണ്ണവും 56 $m^2$ കാർപറ്റ് വിസ്തീർണ്ണവുമാണ്. എന്നാൽ 56 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | $m^2$ തറ വിസ്തീർണ്ണത്തിനുള്ള നികുതി മാത്രമാണ് ഈടാക്കിയത്. |
| 4 | ശ്രീ.അഹമ്മദ് ഹാജി മണക്കടവൻ, 15/95A to H | 280.4 $m^2$ വാണിജ്യം | 10608/-, 117120101236-43/01-06-17 | 17665 (16824+841) 280.4x50+20%(വഴി)+5%(LC) | 7057 | 100 $m^2$ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടമായിട്ടും ചതുരശ്ര മീറ്ററിന് 50 രൂപ ഈടാക്കാതെ 100 $m^2$വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ ചതുരശ്ര മീറ്ററിന് 30 രൂപ വീതമാണ് ഈടാക്കിയത്. |
| 5 | ശ്രീ.മുഹമ്മദ് ബഷീർ വരടിക്കത്ത്, 1/79A,B | 112.14 $m^2$ വാണിജ്യം | 3888/-, 117120104233,34/07-11-17 | 6476 (6168+308) 112.14x50+20%(വഴി)-10%(മേഖല)+5% (LC) | 2588 | |
| 6 | പ്രസിഡണ്ട്, ബാലത്തിൽപ്പുറായ് ഇമാമുദ്ധീൻ മദ്രസ, 2/226A,B,C | 106.26 $m^2$ വാണിജ്യം | 4020/-, 117120102715/17-08-17, 117120102719,20/18-08-17 | 6694 (6376+318) 106.26x50+20%(വഴി)+5%(LC) | 2674 | |

മുകളിൽ നൽകിയ 100 $m^2$ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ആകെ വിസ്തൃതി രേഖപ്പെടുത്തിയാണ് കെട്ടിട ഉടമകൾ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുന്നത്. ഓവർസിയറുടെ /എഞ്ചിനിയറുടെ റിപ്പോർട്ടിലും ആകെ വിസ്തൃതിയാണ് രേഖപ്പെടുത്തുന്നത്, എന്നാൽ പണി പൂർത്തീകരിച്ച ശേഷം ടി കെട്ടിടത്തിലെ ഓരോ റൂമുകളുടെയും/ഹാളുകളെടെയും വിസ്തൃതി വെവ്വേറെ രേഖപ്പെടുത്തി ഓരോന്നിനും വ്യത്യസ്ഥ അപേക്ഷകളാണ് കെട്ടിട ഉടമ നമ്പറിന് സമർപ്പിക്കുന്നത്. ശേഷം അപേക്ഷയിന്മേലുള്ള ഓവർസിയറുടെ/എഞ്ചിനിയറുടെ പരിശോധന റിപ്പോർട്ടിൽ ആകെ വിസ്തൃതിയാണ് രേഖപ്പെടുത്തുന്നത്. പിന്നീട് നികുതി ഈടാക്കുമ്പോൾ കെട്ടിട ഉടമയുടെ അപേക്ഷ പ്രകാരം കെട്ടിടത്തിലെ ഓരോ റൂമുകളുടെയും/ഹാളുകളെടെയും വിസ്തൃതിക്കനുസൃതമായി 100 $m^2$വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള 'കെട്ടിടങ്ങളുടെ' ഗണത്തിൽ ഉൾപ്പെടുത്തി അവയുടെ നികുതി നിരക്കായ 30 രൂപ വീതം ഈടാക്കി നമ്പർ അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. എന്നാൽ ഇത്തരത്തിലുള്ള മറ്റ് ചില അപേക്ഷകളിൽ ആകെ വിസ്തൃതി കണക്കിലെടുത്ത് 100 $m^2$ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി അവയുടെ നികുതി നിരക്കായ 50 രൂപ വീതം ഈടാക്കി നമ്പർ അനുവദിക്കുകയും ചെയ്യിട്ടുണ്ട്. മുകളിൽ പരാമർശിച്ച ക്രമ നമ്പർ 4 മുതൽ 6 വരെയുള്ള അപേക്ഷകരിൽ നിന്നും ചട്ടപ്രകാരമുള്ള നികുതി നിരക്കായ ചതുരശ്ര മീറ്ററിന് 50 രൂപ വീതം ഈടാക്കാത്തതിനാൽ പഞ്ചായത്തിന് 12319/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വസ്തു നികുതിയിനത്തിൽ ആകെ 20405/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.15/22-09-18 ന് പഞ്ചായത്ത് മറുപടിയും ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 12925/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-5 നിയമപരമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ചുമത്തിയില്ല - ₹ 399432 നഷ്ടം

കിഴിശ്ശേരി അങ്ങാടിയിൽ കുഴിമണ്ണ ഗവ.ഹയർസെക്കണ്ടറി സ്കൂളിന് സമീപത്ത് നിർമ്മിച്ച 'സിദ്ര' എന്ന് പേരുള്ള ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിന് പഞ്ചായത്ത് കെട്ടിട നിർമാണ പെർമിറ്റ് 2013- ൽ നൽകിയതായിരുന്നു. (പെർമിറ്റ് നമ്പർ A2-995/12 Dt.29.01.2013, സർവെനമ്പർ 453/1,2, 461/19. ഉടമസ്ഥൻ ശ്രീ ഉമ്മർഹാജി ടി. താനാരി ഹൗസ്, കിഴിശ്ശേരി)

കെട്ടിട നിർമാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കുന്നതിന് വേണ്ടി കെട്ടിട ഉടമ 28.01.2016 ന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അംഗീകരിച്ച പ്ലാനിനും, സമർപ്പിച്ച കംപ്ലീഷൻ പ്ലാനിനും അനുസരിച്ചല്ല കെട്ടിടം നിർമിച്ചത് എന്ന് കാണിച്ച് കെട്ടിടത്തിന് നമ്പർ നൽകുന്നതിനുള്ള അപേക്ഷ സെക്രട്ടറി നിരസിച്ചതാണ്. (B1-761/16 Dt.10.02.2016). കൂടാതെ ഈ കെട്ടിടം നിർമിച്ചത് അതിരുകളിൽ നിന്ന് നിയമപരമായ അകലം പാലിക്കാതെയാണ് എന്നും അനധികൃതമായ നിർമിതി പൊളിച്ച് കളയേണ്ടതാണ് എന്നും സെക്രട്ടറി നിർദേശം നൽകിയിട്ടുണ്ട്.

എന്നാൽ നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട മേൽ നിർമിതി നാളിതുവരെയും പൊളിച്ച് കളയുകയോ,

അപാകത പരിഹരിച്ച് കെട്ടിടത്തിന് നമ്പർ നൽകുകയോ വസ്തു നികുതി ചുമത്തുകയോ ചെയ്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്.

ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

ഈ കെട്ടിടത്തിന് 28.01.2016 നാണ് ഉടമസ്ഥൻ നമ്പറിന് അപേക്ഷ നൽകിയത് എങ്കിലും പഞ്ചായത്തിലെ വിവാഹ രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചതിൽ 16.12.2015 നും 17.01.2016 നും നടന്ന വിവാഹങ്ങൾ കുഴിമണ്ണ ഗവ.ഹയർസെക്കണ്ടറി സ്കൂളിന് സമീപത്തുള്ള "സിദ്ര" എന്ന ഓഡിറ്റോറിയത്തിൽ വച്ച് നടന്നതായി കാണുന്നു.( നമ്പർ 36/2016,42/2016)

കുഴിമണ്ണ ഗവ.ഹയർസെകണ്ടറി സ്കൂളിന് സമീപത്ത് മറ്റ് ഓഡിറ്റോറിയങ്ങൾ ഒന്നും ഇല്ലാത്തതിനാൽ മേൽ പരാമർശിച്ച കെട്ടിടത്തിൽ വച്ച് തന്നെയാണ് വിവാഹങ്ങൾ നടന്നത് എന്ന് വ്യക്തമാണ്. 16.12.2015 ന് തന്നെ കെട്ടിടം ഉപയോഗപ്പെടുത്തി എന്ന് വ്യക്തമായതിനാൽ ചട്ടം 24 പ്രകാരം 2015-16 രണ്ടാം അർദ്ധവർഷംമുതൽ കെട്ടിടത്തിന്റെ വസ്തു നികുതി അടക്കാൻ ഉടമസ്ഥൻ ബാദ്ധ്യസ്ഥനാണ്.

അതുപ്രകാരം കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി താഴെ പറയുന്നു.

പഞ്ചായത്തിൽ ലഭ്യമായ രേഖ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ – 1761.15 ച.മീ

( ബേസ്മെന്റ് - 793.94, ഗ്രൗണ്ട് ഫ്ലോർ - 789.96, മെസാനിൻ ഫ്ലോർ- 177.25)

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല - പ്രാഥമിക മേഖല

റോഡിന്റെ തരം - 5 മീറ്ററിൽ കൂടുതൽ വീതിയുള്ളത്. )

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി<br>1761.15*20 | 35223 |
| റോഡ് അടിസ്ഥാനത്തിലുള്ള വർദ്ധനവ്<br>20% | 7045 |
| നിയമപ്രകാരമുള്ള വസ്തു നികുതി | 42268 |

നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടമായതിനാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആയതിനാൽ ഈടാക്കേണ്ട വാർഷിക വസ്തു നികുതി - 3x 42268 = 126804

ലൈ ബ്രറി സെസ് - 6340

--------------------

133144

==========

2015-16 രണ്ടാം അർദ്ധ വർഷം മുതൽ2018-19 ഒന്നാം അർദ്ധ വർഷം വരെയുള്ള നികുതി (ഗ്രന്ഥശാലാ വരിയടക്കം) ₹ 399432 (133144/2 x6) നിയമാനുസൃതമുള്ള പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്. ആയത് നിലവിലെ സെക്രട്ടറി ഈടാക്കി അറിയിക്കേണ്ടതാണ്. കെട്ടിടം നിയമപരമാക്കുകയോ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ തുടർന്നും മേൽ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് അനധികൃത കെട്ടിടങ്ങളുടെ പട്ടികയിൽപ്പെടുത്തി വസ്തുനികുതി ഈടാക്കാതെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/19.09.18 ന് 15.10.2018 ൽ ലഭ്യമാക്കിയ മറുപടിയിൽ നഷ്ടതുക പിഴപലിശ സഹിതം അടവാക്കുന്നതിന് നോട്ടീസ് നൽകിയതായി അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2017-18 വർഷത്തിൽ പഞ്ചായത്തിൽ 6 പ്രൊജക്ടുകൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ എണ്ണം |
|---|---|
| ഗവ.എൽ പി സ്കൂളിൽ ശുചിമുറി | 3 |
| പകൽവീട് പൂർത്തീകരണം രണ്ടാംഘട്ടം (308/18) | 6 |
| ചിറപ്പാലം അംഗൻവാടി നിർമാണം | 3 |
| തോട്ടശ്ശേരി കുന്നംപള്ളി റോഡ് കോൺക്രീറ്റ് | 7 |
| വള്ളിക്കുന്ന് കോളനി ഭവന സുരക്ഷ | 2 |
| കിഴിശ്ശേരി കുഴിഞ്ഞളം റോഡ് റി ടാറിംഗ് | 2 |

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പർ : 32/17-18, പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 3/17-18 തി. 12-02-2018

തുക: 225000 രൂപ, (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 2467/28-11-2017 – 150042 രൂപ

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 349/28-11-2017 – 74958 രൂപ

ഏജൻസി : KMCL തിരുവനന്തപുരം.

നാളിതുവരെയായി 114677 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. (ഇൻവോയ്സ് നമ്പർ: 4015/30-06-2018 – 78090 രൂപ + ഇൻവോയ്സ് നമ്പർ: 4010/30-06-2018 – 36587 രൂപ). 110323 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാവാനുണ്ട്.

2.പ്രൊജക്ട് നമ്പർ : 281/17-18പരിരക്ഷ പദ്ധതി

ബിൽ നമ്പർ/തിയ്യതി: 2/17-18 തി. 12-02-2018 – 40,000 രൂപ

ബിൽ നമ്പർ/തിയ്യതി: 5/17-18 തി. 19-02-2018 – 40,000 രൂപ

തുക: 80,000 രൂപ, വികസന ഫണ്ട് (ജനറൽ)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 2480/28-11-2017 – 39059 രൂപ

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 359/28-11-2017 – 941 രൂപ

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 1139/24-01-2018 – 1117 രൂപ

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 3781/24-01-2018 – 38883 രൂപ

ഏജൻസി : KMCL തിരുവനന്തപുരം.

നാളിതുവരെയായി 47868 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. (ഇൻവോയ്സ് നമ്പർ: 4020/30-06-2018 – 30546 രൂപ + ഇൻവോയ്സ് നമ്പർ: 4016/30-06-2018 – 941 രൂപ + ഇൻവോയ്സ് നമ്പർ: 4024/30-06-2018 – 15264 രൂപ + ഇൻവോയ്സ് നമ്പർ: 4019/30-06-2018 – 1117 രൂപ). 32132 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാവാനുണ്ട്.

ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വിശകലനം നടത്തി പ്രൊജക്ട് പരിശോധിച്ച് അംഗീകാരം നൽകൽ ബന്ധപ്പെട്ട ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ മരുന്നുകൾ നിശ്ചിത സമയത്തിനകം ലഭ്യമായി എന്ന് ഉറപ്പുവരുത്തേണ്ടതും, പ്രൊജക്ട് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/22-09-2018) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. 142455 (110323 + 32132) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 എസ്.സി വിവാഹധനസഹായം - അധിക തുക അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ എസ്.സി വിവാഹ ധനസഹായം നൽകൽ പ്രൊജക്ടിൽ ചുവടെ ചേർക്കും പ്രകാരം 6 ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം നൽകിയിട്ടുണ്ട്.

ബിൽ നമ്പർ/തിയ്യതി: 3/17-18 തി. 27-10-2017

തുക: 425000 രൂപ, (എസ്. സി. പി)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വധുവിന്റെ പേര് | വിവാഹം നടന്ന തിയ്യതി | അനുവദിച്ച ധനസഹായം |
|---|---|---|---|---|
| 1 | കീരൻകുട്ടി | നിമിഷ | 09-09-2017 | 75000 |
| 2 | ബാലകൃഷ്ണൻ | ബിബിന | 27-08-2017 | 75000 |
| 3 | ചെറുണ്ണി | സിജിന | 09-09-2017 | 75000 |
| 4 | ജനാർദ്ദനൻ | ആതിര | 09-04-2017 | 75000 |
| 5 | കുഞ്ഞൻ | മഞ്ജു | 28-01-2017 | 75000 |
| 6 | ചെറിയനാടി | റീന | 12-02-2017 | 50000 |
| ആകെ | | | | 425000 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17), 2016-17 വാർഷിക പദ്ധതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ, തി.11-01-2016, 6.5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ രക്ഷകർത്താക്കളുടെ

പെൺകുട്ടികളുടെ വിവാഹത്തിന് 50000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. 2017-18 ലെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം (2017-18 ൽ ബാധകം) ഇത് 75000/- ആയി ഉയർത്തിയിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ 5 പ്രകാരമുള്ള ഗുണഭോക്താവ് ശ്രീ. കുഞ്ഞൻ. പി, പുതിയത്ത് ഹൌസ്, കിഴിശ്ശേരി എന്നയാളുടെ മകളുടെ വിവാഹം നടന്നത് 28-01-2017 നാണ്. മാർഗ്ഗരേഖ പ്രകാരം മേൽ ഗുണഭോക്താവിന് 50000 രൂപ ധനസഹായത്തിനാണ് അർഹത. എന്നാൽ ടിയാൾക്ക് 75000 രൂപ അനുവദിച്ചിട്ടുണ്ട്.

മേൽ ഗുണഭോക്താവിന് 75000 രൂപ അനുവദിച്ചതിന് ആധാരമായ അനുമതി ഉത്തരവ് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/22-09-2018) സർക്കാർ ഉത്തരവ് പ്രകാരം ടിയാന് 90 ദിവസത്തിനകം അപേക്ഷ നൽകാമെന്നിരിക്കെ 26-04-2017 നാണ് അപേക്ഷ നൽകിയത് എന്നും, മാർഗ്ഗരേഖയിലെ വിവാഹ തിയ്യതി സംബന്ധിച്ച പരാമർശമൊന്നും ശ്രദ്ധയിൽപെട്ടിരുന്നില്ല എന്നും അറിയിച്ചു.

അധിക ധനസഹായം അനുവദിച്ചതിന് സർക്കാർ വിശദീകരണം ലഭ്യമാക്കേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-3 പരിരക്ഷ പദ്ധതി - മാർഗ്ഗരേഖ നിർദേശം പാലിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ പരിരക്ഷ പദ്ധതി (281/17-18) പ്രകാരം ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പിൻവലിച്ച തുക | | ചെലവഴിച്ച തുക | |
|---|---|---|---|
| ബിൽ നമ്പർ/തിയ്യതി | തുക | ഇനം | തുക |
| 01/17-18 തി. 23-10-2017 | 184050 | ഹോം കെയർ വാഹന വാടക | 184800 |
| 04/17-18 തി. 19-02-2018 | 109465 | ഹോം കെയർ ടീം ഭക്ഷണം | 42250 |
| 09/17-18 തി. 28-03-2018 | 120050 | പരിരക്ഷ നഴ്സിന്റെ വേതനം | 171700 |
| 02/17-18 തി. 12-02-2018 | 40000 | സ്റ്റേഷനറി | 8815 |
| 05/17-18 തി. 19-02-2018 | 40000 | ട്രൈനിംഗ് | 6000 |
| | | മരുന്ന് | 80000 |
| ആകെ | 493565 | | 493565 |

2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖല [ജി.ഒ (ആർ.ടി) 3217/2015 ത.സ്വ.ഭ.വ തിയ്യതി. 29-10-2015] ഖണ്ഡിക 2.3.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും, പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും പഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും, പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതാണ്. ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും, യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസ യോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

ലഭ്യമാക്കിയ പി.എം.സി മിനുട്സ് ബുക്ക് പരിശോധിച്ചതിൽ 2107-18 സാമ്പത്തിക വർഷത്തിൽ ആകെ 2 യോഗങ്ങൾ മാത്രമാണ് നടന്നത്. (10-08-2017, 05-03-2018) ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല. കൂടാതെ അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കി അംഗീകരിച്ചിട്ടുമില്ല.

ഖണ്ഡിക 2.4.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഒരു പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി (പി.ഐ.സി) പഞ്ചായത്തിൽ രൂപീകരിക്കേണ്ടതാണ്. ഖണ്ഡിക 2.4.2 എല്ലാമാസവും 5-ാം തിയ്യതിക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവഹണം വിലയിരുത്തേണ്ടതാണ്. എന്നാൽ അത്തരത്തിൽ ഒരു കമ്മിറ്റി പഞ്ചായത്തിൽ രൂപീകരിച്ചതിന്റെ യാതൊരു രേഖയും ലഭ്യമാക്കിയില്ല.

ഖണ്ഡിക 2.5.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തി വരുന്ന എല്ലാ പഞ്ചായത്തുകളും പരിചരണം നൽകേണ്ടതായ രോഗികളെ പി.എം.സി യുടെ അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത് നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ നോമിനൽ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഖണ്ഡിക 2.5.6 പ്രകാരം ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്ന് ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിന് ശേഷം തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

ഖണ്ഡിക 8 പ്രകാരം നിർബന്ധമായും സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമായ രേഖകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും സൂക്ഷിക്കുകയും, ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തിട്ടില്ല.

പരിരക്ഷ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പൂർണ്ണമായും പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-4 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല- പഞ്ചായത്തിന് ഫണ്ട് നഷ്ടപ്പെടുന്നു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ പദ്ധതികൾ തയ്യാറാക്കിയെങ്കിലും 174 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ പ്രൊജക്ടുകളാണ് തൻവർഷം പൂർത്തീകരിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 298 | ആകെ അടങ്കൽ | 49964245 |
| നടപ്പിലാക്കിയത് | 174 | ചെലവ് | 31091857 |
| ശതമാനം | 58.39 | ചെലവ് ശതമാനം | 62.22 |

ഗ്രാമ പഞ്ചായത്തിൽ 1 അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറും അടക്കം ആകെ 3 ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്യഷത്തിൽ ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ സൂക്ഷിക്കാൻ നിർദേശിച്ച താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1 സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ

2 ടെണ്ടർ ഫോറം വില്പന രജിസ്റ്റർ

3 ഇ.എം.ഡി രജിസ്റ്റർ

4 എസ്റ്റിമേറ്റ് രജിസ്റ്റർ

5 വെൽഫയർ ഫണ്ട് രജിസ്റ്റർ

IV)രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

2017-18 വർഷത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ രേഖകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) ബഹു ഭൂരിപക്ഷം പ്രവൃത്തികളുടെയും സൈറ്റ് പ്ലാൻ , ഡിസൈൻ, ഡയഗ്രം, പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിയിട്ടില്ല.

2) പ്രൈസ് മുഖേന സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി രേഖ ഫയലിൽ സൂക്ഷിക്കുന്നില്ല.

3) ഏതാനും പ്രവൃത്തികളുടെ ഫയലിൽ എസ്റ്റിമേറ്റ് ഇല്ല.

4) ടെണ്ടർ പ്രവൃത്തികളിൽ കരാറുകാർക്ക് ഇഷ്യൂ ചെയ്യുന്ന ടെണ്ടർ ഫോറത്തിൽ ഉദ്യോഗസ്ഥൻ ഒപ്പ് വക്കുന്നില്ല. ടെണ്ടർ ഫോറത്തിന് ക്രമനമ്പർ നൽകി യിട്ടില്ല.

5) ടെണ്ടർ ഫോറത്തിന്റെ എല്ലാ പേജിലും കരാറുകാർ ഒപ്പ് വയ്ക്കുന്നില്ല.

6) ടെണ്ടർ ഫോറത്തിൽ വരുത്തുന്ന തിരുത്തലുകൾ പലതും കരാറുകാർ സാക്ഷ്യപ്പെടുത്തുന്നില്ല. ഇത്തരത്തിൽ സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉദ്യോഗസ്ഥൻ രജിസ്റ്ററിൽ ചേർക്കുന്നില്ല

7) ടാറിംഗ് നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് കരാറുകാരൻ/ കൺവീനർ ടാർ വാങ്ങിയതിന്റെ ബില്ല് ഫയലിൽ സൂക്ഷിക്കണം എന്ന് നിർദേശമുണ്ടെങ്കിലും ബഹുഭൂരിപക്ഷം മരാമത്ത് പ്രവൃത്തി ഫയലിലും ഇത്തരത്തിൽ ടാർ വാങ്ങിയതിന്റെ ബില്ല് സൂക്ഷിച്ചിട്ടില്ല.

8) വിവിധ മരാമത്ത് പ്രവൃത്തികൾക്കായി കരാറുകാർ സമർപ്പിക്കുന്ന ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി തയ്യാറാക്കാത്തതിനാൽ ഇ.എം.ഡി,പെർഫോമൻസ് ഗ്യാരണ്ടി, അഡീഷനൽപെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ അടവ്, തിരിച്ച് നൽകൽ എന്നിവ പരിശോധിക്കാൻ സാധിക്കുന്നില്ല.

V).റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം

എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

VI)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2017-18 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

VII)പ്രവൃത്തി പൂർത്തീകരണ കാലയളവ് വ്യക്തമാക്കാതെ കരാർ ചമച്ചു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

കൂടാതെ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരണ സമയം വ്യക്തമാക്കാതെയും, കരാറിൽ പിഴ സംബന്ധിച്ച വ്യവസ്ഥകൾ ശരിയായി ഉൾപ്പെടുത്താതെയും കരാറുകാർക്ക് സഹായകമായേക്കാവുന്ന രീതിയിൽ പ്രവൃത്തി നടത്തിപ്പിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-5 അനിവാര്യമല്ലാത്ത പ്രവൃത്തികൾ നടത്തി -പൊതു പണം പാഴ്ച്ചെലവായി

2017-18 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ പ്രവൃത്തിയുടെ ഉദ്ദേശ്യ പൂർത്തീകരണത്തിന് അനിവാര്യമല്ലാത്ത ഇനം പ്രവൃത്തികൾ നടപ്പാക്കിയത് മൂലം പഞ്ചായത്തിന്റെ പണം പാഴ്ച്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു.

1) ആലിൻചുവട് - എക്കാപറമ്പ് റോഡ് ഡ്രൈനേജ് ( 331/18)

ഈ പ്രവൃത്തിയിൽ 1:3:6 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്ത ഡ്രൈനേജ് സൈഡ് വാൾ സിമന്റ് പ്ലാസ്റ്ററിംഗ് നടത്തുന്നതിന് ₹ 41708.98 അനുവദിച്ചുനൽകി ( എസ്റ്റിമേറ്റ് ഇനം 6)

റോഡ് ഡ്രൈനേജിന് കോൺക്രീറ്റ് ചെയ്ത സൈഡ് വാൾ പ്ലാസ്റ്റർ ചെയ്തത് കൊണ്ട് പ്രത്യേകിച്ച് നേട്ടമൊന്നും ഉണ്ടായതായി കരുതാൻ വയ്യ. ഈ ഡ്രൈനേജിന്റെ തുടർച്ചയായി ചെയ്ത ഭാഗത്തൊന്നും തന്നെ ഇത്തരത്തിൽ പ്ലാസ്റ്ററിംഗ് അനുവദിച്ച് നൽകുകയും ചെയ്തിട്ടില്ല. കൂടാതെ 2017-18 വർഷത്തിൽ ചെയ്ത മറ്റ് ഡ്രൈനേജ് പ്രവൃത്തികളിലും ഇത്തരത്തിൽ പ്ലാസ്റ്ററിംഗ് അനുവദിച്ചിട്ടില്ല.

2) GUPS കടുങ്ങല്ലൂർ സ്മാർട്ട് ക്ലാസ് റൂം (299/18)

ഈ പ്രൊജക്ട് പ്രകാരം കടുങ്ങല്ലൂർ GUP സ്കൂളിലെ കോൺക്രീറ്റ് ചെയ്ത രണ്ട് ക്ലാസ് മുറികൾ സീലിംഗ് നടത്തുന്നതിന് ₹ 134838 ചെലവഴിച്ചിട്ടുണ്ട്.

സാധാരണ ക്ലാസ്സ്മുറിയുടെ ഉയരം മാത്രമുള്ളതും പരന്ന മേൽക്കൂരയുള്ളതുമായ കോൺക്രീറ്റ് റൂഫുള്ള ക്ലാസ്മുറിക്ക് സീലിംഗ് നടത്തേണ്ടതിന്റെ ആവശ്യകത ഇല്ലായിരുന്നു എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

ഇത്തരത്തിൽ അനിവാര്യമല്ലാത്ത പ്രവൃത്തികൾ നടപ്പാക്കി പൊതുപണം ഉപകാരപ്രദമല്ലാതെ ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-6 കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല- പാഴ്ച്ചെലവ്.

2017-18 വർഷത്തിൽ നടപ്പാക്കിയ വിവധ പ്രൊജക്ടുകൾ പ്രകാരം നിർമിച്ച താഴെ പറയുന്ന കെട്ടിടങ്ങൾ

നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

| പ്രൊജക്ട് | കുറിപ്പ് |
|---|---|
| GUPS കടുങ്ങല്ലൂർ IEDC ബിൽഡിംഗ് നിർമാണം (125/18 ) | ₹ 383844 ചെലവഴിച്ച് നിലവിലുള്ള സ്കൂൾ കെട്ടിടത്തിന് മുകളിൽ ഷീറ്റ് വിരിച്ചിട്ടുണ്ട്. എന്നാൽ ഇതിന് ചുമർ, ജനൽ , വാതിൽ എന്നിവയൊന്നും സ്ഥാപിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ പുതിയ നിർമിതി ഉപയോഗപ്പെടുത്തിയിട്ടില്ല. |
| ജൻഡർ കോർണർ (136/18 ) | ₹ 89538 ചെലവഴിച്ച് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുകൾ നില ജൻഡർ കോർണർ ആയി മാറ്റുന്നതിന് പാർട്ടീഷൻ നടത്തിയിട്ടുണ്ടെങ്കിലും പുതിയ നിർമിതി നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. |

പൊതുപണം വിനിയോഗിച്ച് നിർമിച്ച ആസ്തികൾ ഉപയോഗപ്പെടുത്താതെ പണം പാഴ്ച്ചെലവാകുന്നത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-7 നികുതി കുറവാക്കാതെ പണം നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് നിലവിലുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നാണ് ഇതുസംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയത്.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽആദായ നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. ലഭേച്ഛയില്ലാതെ പ്രവർത്തിക്കേണ്ട ഗുണഭോക്തൃസമിതികൾക്ക് നികുതി വിഹിതം അടക്കുന്നതിന് എസ്റ്റിമേറ്റിൽ ഓരോ ഇനത്തിന്റെയും ഡാറ്റയിൽ ഉൾപ്പെടുത്തിയ തുക നികുതി അടവാക്കേണ്ടതില്ലാത്ത സാഹചര്യത്തിൽ കൺവീനർക്ക് അനുവദിക്കേണ്ടതില്ല

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ഫൈനൽ ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ 7.5 % ഓവർഹെഡ് ചാർജ്ജ് അനുവദിച്ച പ്രവൃത്തികളിൽ 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 ലെ ഡി.ബി3-9058/17 /സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്.

2017-18 വർഷത്തിൽ നടപ്പാക്കിയ താഴെപറയുന്ന പ്രവൃത്തികളിൽ കൺവീനറിൽ നിന്ന് ആദായ നികുതി , നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ബാക്കി മുഴുവൻതുകയും കൺവീനർക്ക് അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

| പ്രവൃത്തി | ചെലവ് (മൂല്യം) | അധികമായി നൽകിയ തുക | കുറിപ്പ് |
|---|---|---|---|
| മേൽമുറി അംഗൻ വാടി നവീകരണം (115/18)<br>കൺവീനർ -രജനി പി<br>കരാർ - 102/16-17 തി. 23.02.2017 | 150000 | 7500 | എം ബുക്ക് - 11/17-18<br>ബിൽ നമ്പർ - 62/17-18 തി. 24.02.2018 ₹ 150000<br>3000 (IT)<br>1500 (CWWF)<br>കൺവീനർക്ക് നൽകിയത് 145500/- |
| പകൽവീട് നിർമാണം (141/18)<br>കൺവീനർ -കെ.എ മുഹമ്മദ് ഷാ<br>കരാർ - 06/17-18 തി. 02.09.2017 | 452942 | 22647 | എം ബുക്ക് - 09/17-18<br>ബിൽ നമ്പർ - 60/17-18 തി. 24.02.2018 ₹ 452942 |

| | | | |
|---|---|---|---|
| | | | 9059 (IT)<br>4529 (CWWF)<br>കൺവീനർക്ക് നൽകിയത് 439354/- |
| കട്ടുങ്ങല്ലൂർ ഹെൽത്ത് സെന്റർ ഫ്ലോറിംഗ് (155/18)<br>കൺവീനർ -അലവി എം<br>കരാർ - 113/17-18 തി. 02.02.2018 | 50000 | 2500 | എം ബുക്ക് - 46/17-18<br>ബിൽ നമ്പർ - 98/17-18 തി. 24.03.2018 ₹ 50000<br>1000 (IT)<br>500(CWWF) |
| ജൻഡർ കോർണർ (136/18)<br>കൺവീനർ -റഷീദ് യു.<br>കരാർ - 04/17-18 തി. 02.09.2017 | 89538 | 4477 | എം ബുക്ക് - 5/17-18<br>ബിൽ നമ്പർ - 44/17-18 തി. 28.11.2017 ₹ 89538<br>1739 (IT) – 2%<br>869 (CWWF) – 1%<br>കൺവീനർക്ക് നൽകിയത് 86930/- |
| പറമ്പാട്ട്കാവ് അംഗൻവാടി റിപ്പയർ (152/18)<br>കൺവീനർ -ജാഫർ ഷരീഫ്<br>കരാർ - 162/16-17 തി. 31.03.2017 | 150000 | 7500 | എം ബുക്ക് - 21/17-18<br>ബിൽ നമ്പർ - 72/17-18 തി. 12.03.2018 ₹ 150000<br>3000 (IT)<br>1500(CWWF)<br>കൺവീനർക്ക് നൽകിയത് 145500/- |
| GLPS കിഴിശ്ശേരി അടുക്കള നിർമാണം (137/18)<br>കൺവീനർ -മനോജ് . എ<br>കരാർ - 05/17-18 തി. 02.09.2017 | 125000 | 6250 | എം ബുക്ക് - 42/17-18<br>ബിൽ നമ്പർ - 94/17-18 തി. 24.03.2018 ₹ 125000<br>2500 (IT)<br>1250 (CWWF)<br>കൺവീനർക്ക് നൽകിയത് 121250/- |
| വലിയാറകുണ്ട് വാഴച്ചാൽ കുന്ന് റോഡ്സൈഡ് പ്രൊട്ടക്ഷൻ (80/18)<br>കൺവീനർ - മുഹമ്മദ്<br>കരാർ - 63/16-17 തി. 27.01.2017 | 200000 | 10000 | എം ബുക്ക് - 82/17-18<br>ബിൽ നമ്പർ - 123/17-18 തി. 26.03.2018 ₹ 200000<br>4000 (IT)<br>2000(CWWF)<br>കൺവീനർക്ക് നൽകിയത് 194000/- |

| | | | |
|---|---|---|---|
| കടുങ്ങല്ലൂർ കുട്ടക്കടവ് സ്കൂൾ ഫുട്പാത്ത്(159/18)<br>കൺവീനർ - മുഹമ്മദ് റാഫി<br>കരാർ - 114/17-18 തി. 02.02.2018 | 46925 | 2346 | എം ബുക്ക് - 47/17-18<br>തനത്- 31/17-18 തി. 28.03.2018 ₹ 46925<br>939 (IT)<br>469(CWWF)<br>കൺവീനർക്ക് നൽകിയത് 45517/- |
| ആലിൻ ചുവട് കുറ്റിക്കാട്ട് റോഡ് സൈഡ് പ്രൊട്ടക്ഷൻ(101/18)<br>കൺവീനർ -ഇബ്രാഹിം പി.കെ<br>കരാർ - 108/16-17 തി. 27.02.2017 | 66856 | 3343 | എം ബുക്ക് - 163/17-18<br>ബിൽ നമ്പർ - 142/17-18 തി. 28.03.2018 ₹ 66856<br>1337(IT)<br>669 (CWWF)<br>കൺവീനർക്ക് നൽകിയത് 64850/- |
| | | 66563 | |

കൺവീനർക്ക് അധികമായി അനുവദിച്ച് നൽകിയ തുക 66563/- രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി അതാത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 3-8 സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി നടപ്പാക്കി

2017-18 വർഷത്തേക്ക് ബാധകമായ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (GO(MS) 72/2017/LSGD Dt 29.03.2017 ) ₹ 50000 വരെ അടങ്കലുള്ള നിർമാണ പ്രവർത്തനങ്ങൾ മാത്രമെ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കാവൂ എന്നും ഇതിലും ഉയർന്ന അടങ്കലുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയാണ് നടപ്പാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. HMC, സ്കൂൾ PTA, അംഗൻവാടി ക്ഷേമസമിതികൾ , പാടശേഖര സമിതികൾ എന്നിവ ഏറ്റെടുക്കുന്ന പ്രവൃത്തികൾ മാത്രമെ ഇത്തരത്തിൽ സാമ്പത്തിക പരിധി പാലിക്കാതെ നേരിട്ട് നടപ്പാക്കാവൂ എന്നും മേൽ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്.

എന്നാൽ സർക്കാർ ഉത്തരവ് പാലിക്കാതെ 2017-18ൽ കരാർ ചമച്ച താഴെ പറയുന്ന പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിക്കാണുന്നു

എ) പോത്തുംകുണ്ട് കോളനി ഭവന സുരക്ഷ അടങ്കൽ – 100000/-

ബി) PHC വരാന്ത ഷീറ്റ് റൂഫിംഗ് – അടങ്കൽ – 244573/-

സി) പകൽ വീട് നിർമാണം – അടങ്കൽ – 454577/-

ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വിതരണം ചെയ്യാതെ ബാക്കിവന്ന ടാർ നഷ്ടപ്പെട്ടു ₹ 5950 നഷ്ടം

2017-18 വർഷത്തിൽ പഞ്ചായത്ത് വാങ്ങിയ ടാർ , എമൾഷൻ എന്നിവയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന ടാർ, എമൾഷൻ എന്നിവ പഞ്ചായത്തിൽ കണ്ടെത്താനായില്ല.

വിശദ വിവരം താഴെ നൽകുന്നു

| ഇനം | ആകെ വാങ്ങിയത് | വിതരണം ചെയ്തത് | ബാക്കി |
|---|---|---|---|

| | (കിലോഗ്രാം) | എഞ്ചിനിയറുടെ പത്രിക പ്രകാരം (kg) | (കിലോഗ്രാം) |
|---|---|---|---|
| VG 30 | 42391.60 | 42311.90 | 79.7 |
| RS1 | 4800 | 4716.68 | 83.32 |

വിതരണം ചെയ്യാത്ത ടാർ നഷ്ടപ്പെട്ടത്മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം താഴെ പറയുന്നു

| ഇനം | പഞ്ചായത്തിന് ചെലവായ വില(കിലോഗ്രാമിന്) | നഷ്ടപ്പെട്ട ടാറിന്റെ അളവ് (കിലോഗ്രാം) | നഷ്ടം |
|---|---|---|---|
| VG 30 | 35.65/Kg | 79.7 | 2841 |
| RS1 | 37.31/Kg | 83.32 | 3109 |
| | | ആകെ നഷ്ടം | 5950 |

കാണാതായ ടാറിന്റെ വില ₹ 5950 ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.22/24.09.18) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 ടാർ പൂർണ്ണമായി ലഭിച്ചിട്ടില്ല.

പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടാർ, എമൾഷൻ എന്നിവ വാങ്ങുന്നതിന് ₹ 2233301 ചെലവഴിച്ചിട്ടുണ്ട്.

| തുക | വൗച്ചർ നമ്പർ | കുറിപ്പ് |
|---|---|---|
| 1466770 | 21700074/04.05.2017 | ടാർ വിലയിനത്തിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് നൽകിയത് |
| 766531 | 21700075/04.05.2017 | എമൾഷൻ വിലയിനത്തിൽ ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമിറ്റഡിന് നൽകിയത് |

എന്നാൽ താഴെ പറയും പ്രകാരം ₹ 754270 യുടെ എമൾഷനും, ₹ 1445376 യുടെ ബിറ്റുമിനും മാത്രമാണ് പഞ്ചായത്തിന് ലഭ്യമായത്.

| തുക | കുറിപ്പ് |
|---|---|

| | |
|---|---|
| 173052 | ഇൻവോയ്സ് നമ്പർ 5342/10.05.2017 പ്രകാരം ലഭിച്ച 4.80 ടൺ RSl എമൾഷൻ വില |
| 130442 | ഇൻവോയ്സ് നമ്പർ 5344/10.05.2017 പ്രകാരം ലഭിച്ച 1.999 ടൺ SSl എമൾഷൻ വില |
| 450776 | ഇൻവോയ്സ് നമ്പർ 5318/16.05.2017 പ്രകാരം ലഭിച്ച 6.908 ടൺ SSl എമൾഷൻ വില |
| 327418.52 | ഇൻവോയ്സ് നമ്പർ 17001827/15.05.2017 പ്രകാരം ലഭിച്ച 9708 Kg VG30 ടാർ വില |
| 332066.72 | ഇൻവോയ്സ് നമ്പർ 17001937/17.05.2017 പ്രകാരം ലഭിച്ച 9708 Kg VG30 ടാർ വില |
| 332066.72 | ഇൻവോയ്സ് നമ്പർ 17001949/18.05.2017 പ്രകാരം ലഭിച്ച 9708 Kg VG30 ടാർ വില |
| 33.2066.72 | ഇൻവോയ്സ് നമ്പർ 17002338/27.05.2017 പ്രകാരം ലഭിച്ച 9708 Kg VG30 ടാർ വില |
| 121757.80 | ഇൻവോയ്സ് നമ്പർ 17002080/20.05.2017 പ്രകാരം ലഭിച്ച 3559.6 Kg VG30 ടാർ വില |

അവശേഷിക്കുന്ന തുക ₹ 33655 അതാത് സ്ഥാപനത്തിന് നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-11 <u>അധികമായി നൽകിയ ടാർ വില പൂർണ്ണമായി ഈടാക്കിയിട്ടില്ല.</u>

2017-18 വർഷത്തിൽ ടാർ വിതരണം ചെയ്ത പ്രവൃത്തികളിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് ഇഷ്യൂ ചെയ്ത ടാർ മുഴുവനായും ഉപയോഗപ്പെടുത്തിയിട്ടില്ല.

ഗുണഭോക്തൃ സമിതിക്ക് യഥാർത്ഥത്തിൽ പ്രവൃത്തി നടപ്പാക്കുന്നതിന് ആവശ്യമായ ടാർ മാത്രമെ പഞ്ചായത്ത് വാങ്ങിനൽകാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളൂ. എന്നാൽ മേൽ വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികൾക്ക് യഥാർത്ഥത്തിൽ ആവശ്യമായതിലും കൂടുതൽ ടാർ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അധികമായി നൽകിയ ടാറിന് പഞ്ചായത്തിന് യഥാർത്ഥത്തിൽ ചെലവായ തുക ഈടാക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ അധികമായി നൽകിയ ടാറിന് ചെലവായ നിരക്കിൽ പണം ഈടാക്കിയിട്ടില്ല.

വിശദ വിവരം താഴെ പറയുന്നു.

| ഇനം | പഞ്ചായത്തിന് ചെലവായ വില(കിലോഗ്രാമിന്) | എസ്റ്റിമേറ്റ് പ്രകാരമുള്ള വില (കിലോഗ്രാമിന്) |
|---|---|---|
| VG30 | 35.65/Kg | 28.30 |
| SS1 | 66.63/Kg | 28.82 |
| RS1@ | 37.31/Kg | 28.4 |

| പ്രവൃത്തി | ഇഷ്യൂ ചെയ്ത | ഉപയോഗിക്കാതെ | ഈടാക്കേണ്ട വില [ | ഈടാക്കിയ | കുറവ് | കുറിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | ടാർ, എമൾഷൻ (കിലോഗ്രാം) | ബാക്കിവന്ന ടാർ, എമൾഷൻ (കിലോഗ്രാം) | ഉപയോഗിച്ചതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കും, ബാക്കി വന്നതിന് പഞ്ചായത്ത് യഥാർത്ഥത്തിൽ ചെലവഴിച്ച തുക] | വില | | |
| അങ്കക്കളരി പുല്ലുപറമ്പ് റോഡ് ടാറിംഗ് (142/18) MB: 132/16-17 | VG30-1614.15 SS1-650.25 RS1-210.38 | VG30-145.86 SS1-58.76 RS1-19.02 | 73872 | 63789 | 10083 | Bill No 17/17-18 Dt. 25.08.2017 |
| എക്കാപറമ്പ് പാമ്പ്രംതൊടി റോഡ് ടാറിംഗ്(97/18) MB: 127/16-17 | VG30-2017.6 SS1-510 RS1-232.5 | VG30- SS1-60.24 RS1- 1.27 | 80706 | 78424 | 2282 | Bill No 18/17-18 Dt. 25.08.2017 |
| എക്കാപറമ്പ് വട്ടക്കണ്ടം റോഡ് ടാറിംഗ്(96/18) MB: 130/16-17 | VG30-1044.45 SS1-420.75 RS1-136.13 | VG30-50.37 SS1-20.29 RS1-6.57 | 46755 | 45564 | 1191 | Bill No 19/17-18 Dt.25.08.2017 |
| ലക്ഷം വീട് മുണ്ടംകോട്ട റോഡ് ടാറിംഗ് (103/18) MB: 145/16-17 | VG30-791.25 SS1-318.75 RS1-103.13 | VG30- 67.06 SS1- 27.01 RS1- 8.74 | 36106 | 34518 | 1588 | Bill No 34/17-18 Dt. 10.11.2017 |
| കുഴിയംപറമ്പ് കപ്പൂർ അണ്ടിക്കോട്ട് പള്ളിയാളി റോഡ് ടാറിംഗ് (86/18) MB: 150/16-17 | VG30-1805.63 SS1-51 RS1-165 | VG30- 591.16 SS1- RS1- 4.35 | 61650 | 59708 | 1942 | Bill No 36/17-18 Dt.24.11.2017 |
| സ്കൂൾപടി പള്ളിക്കുന്ന് റോഡ് ടാറിംഗ് (143/18) MB: 137/16-17 | VG30-1614.15 SS1-650.25 RS1-210.38 | VG30- 184.2 SS1- 74.2 RS1- 24.01 | 74782 | 70417 | 4365 | Bill No 38/17-18 Dt. 24.11.2017 |
| പൂളാംകുന്ന് ഹെൽത്ത് സെന്റർ റോഡ് റി ടാറിംഗ് | VG30-851.65 SS1-76.5 RS1-84.15 | VG30-260.96 SS1- RS1- 17.77 | 30777 | 28706 | 2071 | Bill No 39/17-18 Dt.24.11.2017 |

| | | | | | | |
|---|---|---|---|---|---|---|
| (75/18)<br>MB: 153/16-17 | | | | | | |
| ഹൈസ്കൂൾ മൂച്ചിത്തോട്ടം റോഡ് ടാറിംഗ് (88/18)<br>MB: 160/16-17 | VG30-406.18<br>SS1-163.63<br>RS1-52.94 | VG30- 82.68<br>SS1- 33.31<br>RS1- 10.78 | 19680 | 18234 | 1446 | Bill No 51/17-18 Dt. 24.02.2018 |
| ചേലക്കര അമ്പലം റോഡ് ടാറിംഗ്(82/18)<br>MB: 166/16-17 | VG30-443.1<br>SS1-178.5<br>RS1- 57.75 | VG30- 35.66<br>SS1- 14.36<br>RS1- 4.65 | 20174 | 19541 | 633 | Bill No 54/17-18 Dt.24.02.2018 |
| പാലശ്ശേരിപ്പറ്റ തവളക്കുളം റോഡ് റി ടാറിംഗ് (99/18)<br>MB: 161/16-17 | VG30-1955.59<br>SS1- 0<br>RS1-175.5 | VG30-1037.81<br>SS1-<br>RS1- 77.10 | 68649 | 67065 | 1584 | Bill No 64/17-18 Dt.24.02.2018 |
| ആലിൻ ചുവട് കുന്നത്ത് റോഡ് റി ടാറിംഗ് (100/18)<br>MB: 14/17-18 | VG30-3914.99<br>SS1-0<br>RS1-351 | VG30- 1637.11<br>SS1-<br>RS1 – 102.55 | 133726 | 131257 | 2469 | Bill No 66/17-18 Dt.24.02.2018 |
| ഹാജിയാർപടി പെരിങ്ങോട്ട് കുന്ന് ടാറിംഗ് (107/18)<br>MB: 32/17-18 | VG30-1209.03<br>SS1- 487.05<br>RS1-157.58 | VG30- 85.14<br>SS1- 34.30<br>RS1- 11.10 | 54759 | 52744 | 2015 | Bill No 134/17-18 Dt.28.03.2018 |
| വായനശാല പേവുങ്ങാട്ടിൽ റോഡ് (79/18)<br>MB: 138/16-17 | VG30-474.75<br>SS1-191.25<br>RS1-61.88 | VG30- 18.99<br>SS1- 7.65<br>RS1- 2.48 | 21160 | 20711 | 449 | ചെക്ക് നമ്പർ 5138552/ 24.11.2017 |
| നരിക്കംപുറത്ത് നടപ്പാത (90/18)<br>MB: 141/16-17 | VG30-316.5<br>SS1-127.5<br>RS1-41.25 | VG30- 6.12<br>SS1- 2.46<br>RS1- .80 | 13951 | 13807 | 144 | ചെക്ക് നമ്പർ 5138550/ 16.11.2017 |
| | | | ആകെ കുറവ് | | 32262 | |

അധികമായി കൺവീനർക്ക് നൽകിയ ടാർ വില ഈടാക്കിയതിൽ കുറവ് വന്ന ₹ 32262 ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-12 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല.

2017-18 വർഷത്തിൽ ടെണ്ടർ ചെയ്ത് നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ പ്രാഥമിക കരാർ സമർപ്പിച്ചിട്ടില്ല എന്ന് കാരണം രേഖപ്പെടുത്തി ടെണ്ടർ നിരസിച്ച് രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാർക്ക് പ്രവൃത്തി ഏൽപിച്ച് നൽകിയതായി കാണുന്നു.

| പ്രവൃത്തി | അടങ്കൽ | നിരസിച്ച നിരക്ക് | അംഗീകരിച്ച നിരക്ക് |
|---|---|---|---|
| മാണിത്തടം മുള്ളൻ മടക്കൽ റോഡ് ടാറിംഗ് (378/18) | 250000 | 11.1 %കുറവ് | എസ്റ്റിമേറ്റ് നിരക്ക് |
| കോവിലകം -തടായി റോഡ് സൈഡ്കെട്ട് (69/18) | 200000 | 6.8 % കുറവ് | 0.2% കുറവ് |
| കുറ്റംപാറ പൊറ്റമ്മൽ കിഴക്കെ പറമ്പ് റോഡ് ( 50/18) | 250000 | 11.1 %കുറവ് | എസ്റ്റിമേറ്റ് നിരക്ക് |

പ്രാഥമിക കരാറുടമ്പടി സമർപ്പിക്കാതിരുന്നാൽ ടെണ്ടർ നിരസിക്കുന്നതാണ് എന്ന് ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയതിനാലാണ് മേൽ ടെണ്ടറുകൾ നിരസിച്ചത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയത്. ( എൻക്വയറി നമ്പർ 7/15.09.2018 )

ടെണ്ടർ നോട്ടീസ് പരിശോധിച്ചതിൽ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ തയ്യാറാക്കി കരാറുകാർ ഒപ്പ് വച്ച പ്രാഥമിക കരാറുടമ്പടി സമർപ്പിക്കണം എന്നാണ് നിർദേശിച്ചിരിക്കുന്നത്.

എന്നാൽ പഞ്ചായത്തിലെ വിവിധ പ്രവൃത്തി രേഖകൾ പരിശോധിച്ചതിൽ കരാറുകാർ സമർപ്പിച്ച ബഹുഭൂരിപക്ഷം ടെണ്ടറുകളിലും കരാറുകാർ പ്രാഥമിക കരാറുടമ്പടി നിശ്ചിത മാതൃകയിൽ തയ്യാറാക്കാതെ രേഖപ്പെടുത്തൽ ഒന്നും വരുത്താത്ത മുദ്രപത്രം മാത്രം സമർപ്പിക്കുകയാണ് ചെയ്യുന്നത് എന്ന് വ്യക്തമായി. ഇത്തരം ടെണ്ടറുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതും ടെണ്ടർ നോട്ടീസിന് വിരുദ്ധമാണ്.

ടെണ്ടറുകൾ അംഗീകരിക്കുന്നതിൽ ഏകീകൃത മാനദണ്ഡം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 നികുതി കുറവായി ഈടാക്കി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ നികുതി അടവാക്കുന്നതിന് പ്രത്യേകം തുക വകയിരുത്തുകയും ചെയ്യുന്നില്ല. ഇങ്ങനെ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ആകെ മൂല്യ നിർണ്ണയത്തിന് ആനുപാതികമായി നികുതി ഈടാക്കുകയാണ് ചെയ്യേണ്ടത്.

എന്നാൽ 2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ വിവിധ പ്രവൃത്തികൾ പരിശോധിച്ചതിൽ (30.06.2017 ന് മുമ്പ് പൂർത്തികരിച്ചവ) എസ്റ്റിമേറ്റ് പ്രകാരമുള്ള മൂല്യനിർണ്ണയതുകക്ക് മുഴുവനായി നികുതി ഈടാക്കാതെ പ്രവൃത്തിയുടെ മൂല്യനിർണ്ണയതുകയായി കുറഞ്ഞതുക രേഖപ്പെടുത്തുകയും അതിനനാനുപാതികമായി നികുതി ഈടാക്കുകയും ചെയ്തു കാണുന്നു.

എസ്റ്റിമേറ്റിൽ ഓരോ ഇനത്തിനും വ്യക്തമായി നിരക്ക് നിശ്ചയിച്ചിരിക്കെ അതിനനാനുപാതികമായി നികുതി ഈടാക്കാതെ കുറഞ്ഞതുക ഈടാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-14 മരാമത്ത് പ്രവൃത്തികൾ- വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായി ഇടപെടുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സുപ്രധാന പങ്കാണ് വഹിക്കാനുള്ളത്. പഞ്ചായത്ത് രാജ് നിയമപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അർപ്പിതമായ ചുമതലകളും അധികാരങ്ങളും ഈ കമ്മിറ്റി ഫലപ്രദമായി നിർവഹിച്ചിട്ടുണ്ടോ എന്ന പരിശോധനയിൽ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് തങ്ങളുടെ ചുമതലകളും അധികാരങ്ങളും നിറവേറ്റുന്നതിൽ ഭാഗികമായി മാത്രമെ വിജയം കൈവരിക്കാനായിട്ടുള്ളൂ എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

2017-18 വർഷത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണം , നടത്തിപ്പ് , മേൽനോട്ടം എന്നിവയെ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമായി.

<u>വർക്കിംഗ് ഗ്രൂപ്പ് രൂപികരണത്തിന് ക്രിയാത്മകമായ പങ്ക് വഹിച്ചില്ല.</u>

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങളെ ചർച്ച ചെയ്ത് ഏറ്റവും അനുയോജ്യരായവരെ നിശ്ചയിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യേണ്ടതായിരുന്നുവെങ്കിലും ഇത്തരത്തിൽ ഒരു ചുമതല നിറവേറ്റിയതായി കാണുന്നില്ല.

<u>വർക്കിംഗ് ഗ്രൂപ്പിന് നിർദേശങ്ങൾ നൽകുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തില്ല.</u>

2017-18 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട 09.01.2017 ലെ സ.ഉ(എം.എസ്) 10/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽ നോട്ടത്തിലാണ് പ്രവർത്തിക്കേണ്ടത് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല.

<u>പഞ്ചായത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികളെക്കുറിച്ചും തൽസ്ഥിതിയെക്കുറിച്ചും ചർച്ചചെയ്തിട്ടില്ല.</u>

പഞ്ചായത്തിൽ മുൻ വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളെസംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിച്ചിട്ടില്ല. കൂടാതെ തൻവർഷം പഞ്ചായത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ, അവയുടെ മുൻഗണനാക്രമം, ആസ്തികൾ സംരക്ഷിക്കുന്നതിന് വേണ്ട പ്രവൃത്തികൾ , പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ട പ്രവൃത്തികൾ എന്നിവയെക്കുറിച്ചൊന്നും യാതൊരു ചർച്ചയും, വിലയിരുത്തലും നടത്താതെ വിവിധ പ്രൊജക്ടുകളുടെ പേരുകൾ എഴുതി ഭരണസമിതിക്ക് ശുപാർശ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഈ പ്രൊജക്ടുകൾ എങ്ങനെയാണ് തയ്യാറാക്കിയത് എന്നത് സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല.

റോഡ് കണക്ടിവിറ്റി പ്ലാൻ, മാപ്പ് , മെയിന്റനൻസ് പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.
പഞ്ചായത്തിലെ വിവിധ റോഡുകളുടെ വിവരം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പ് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. അതിനാൽ തന്നെ റോഡ് കണക്ടിവിറ്റി പ്ലാനും പഞ്ചായത്തിന് ഇല്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു ആസ്തിമെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

യോഗ നടപടിക്രമങ്ങൾ കൂടുതൽ നന്നായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും, പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനും തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളും കർത്തവ്യങ്ങളും ഫലപ്രദമായി നിറവേറ്റുന്നതിനും ഭാവിയിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-15 <u>എൻ.ആർ.ഇ.ജി.എസ് പ്രവൃത്തി:മെറ്റീരിയൽ വാങ്ങൽ-കരാറുകാരൻ ക്വാട്ട് ചെയ്തതിലും കൂടുതൽ തുക നൽകിയത്</u>

കിഴക്കംപറമ്പ്-മുണ്ടിയാംപുറായ റോഡ് കോൺക്രീറ്റ്, പണച്ചാലി- നെല്ലിക്കുന്ന് റോഡ് കോൺക്രീറ്റ് എന്നീ പ്രവൃത്തികൾക്ക് ക്വാറിമക്ക് വിതരണം ചെയ്ത വകയിൽ ക്വാട്ട് ചെയ്തതിലും കൂടുതൽ നിരക്കിൽ ആകെ 7420/-രൂപ(3562+3858) കരാറുകാരന് അധികം നൽകിയിരുന്നു. ഓഡിറ്റ് നിർദ്ദേശ പ്രകാരം 7420/-രൂപ രസീത് നമ്പർ 6567549/22-09-18, 6567550/22-09-18 എന്നിവ പ്രകാരം അടവാക്കിയിട്ടുണ്ട്.

ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം | തുക | ലഭിച്ച | പദ്ധതിയുടെ പേരും | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| നല്കിയ സ്ഥാപനം | ലഭിച്ച വർഷം | തുക | നമ്പറും | തുക | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 255000 | നെൽകൃഷി വികസനം, പ്രൊജക്ട് നമ്പർ:36/18 | 255000 | 0 |
| | 2017-18 | 500000 | ഹരിത കേരളം സാനിറ്റേഷൻ, പ്രൊജക്ട് നമ്പർ:150/18<br>1)GLPS കുഴിയംപറമ്പ്<br>2)GUPS കട്ടുങ്ങല്ലൂർ | 137619 | 362381 |
| | 2017-18 | 600000 | എൽ.പി, യു.പി സ്കൂളുകൾക്ക് ശുചിമുറി<br>1)GMUPS ആലിൻചുവട്<br>2)കുഴിമണ്ണ II സൗത്ത് സ്കൂൾ<br>പ്രൊമജക്ട് നമ്പർ 298/17 | 0 | 600000 |
| | 2017-18 | 600000 | കുഴിഞ്ഞൊളം പാറക്കാട് അംഗനവാടി നിർമ്മാണം<br>പ്രൊജക്ട് നമ്പർ 22/17 | 0 | 600000 |
| | 2017-18 | 600000 | കിഴിശ്ശേരി അംഗനവാടി കെട്ടിട നിർമ്മാണം<br>പ്രൊജക്ട് നമ്പർ 25/17 | 0 | 600000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | പുളിയക്കോട് സബ്സെന്റർ കുഴൽകിണർ നിർമ്മാണം | 1151052002701115706 തിയ്യതി:06/03/18 | 39020 | ഇല്ല | ഇല്ല | 39020 |
| ഭൂജല വകുപ്പ് | ആനക്കല്ലിങ്ങൽ അംഗനവാടി കുഴൽകിണർ നിർമ്മാണം | 17151052002705698 തിയ്യതി:06/03/18 | 38590 | ഇല്ല | ഇല്ല | 38590 |
| ഭൂജല വകുപ്പ് | കുന്നത്ത് അംഗനവാടി കുഴൽകിണർ നിർമ്മാണം | 17151052002704973 തിയ്യതി:06/03/18 | 35090 | ഇല്ല | ഇല്ല | 35090 |
| ഭൂജല വകുപ്പ് | നീരുട്ടിക്കൽ അംഗനവാടി | 17151052002705638 തിയ്യതി:06/03/18 | 40740 | ഇല്ല | ഇല്ല | 40740 |

| | | | | | | |
|---|---|---|---|---|---|---|
| | കുഴൽകിണർ നിർമ്മാണം | | | | | |
| ഭൂജല വകുപ്പ് | കൊടിക്കുന്ന് അംഗനവാടി കുഴൽകിണർ നിർമ്മാണം | 21700913 തിയ്യതി:17/03/18 | 36380 | ഇല്ല | ഇല്ല | 36380 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | 171510520027012513 തിയ്യതി:22/03/18 | 27876 | ഇല്ല | ഇല്ല | 27876 |
| കേരള ജല അതോറിറ്റി | ആലിൻചുവട് എക്കാപറമ്പ് റോഡ്-ചീക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21700748 തിയ്യതി:07/03/18 | 225000 | ഇല്ല | ഇല്ല | 225000 |

## 4-3 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനംഅവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനംഅവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| മലപ്പുറം ജില്ലാ സഹകരണ ആശുപത്രി വിഹിതം | 5000 | 1006,തിയ്യതി-20/06/1995 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 1980-81 | 21 | 34 | ടി.പി മൊയ്തീൻ, പി.ടി.എസ് | 117121107509 01/03/2018 |
| 1981-82 | 10 | 10 | എക്സിക്യൂട്ടീവ് ഓഫീസർ | 117120107700 05/03/2018 |
| 1986-87 | 8(a) | 62 | എക്സിക്യൂട്ടീവ് ഓഫീസർ | 117120102052 06/03/2018 |
| ആകെ | | 106 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 11 | 2004-05 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പൂർത്തീകരണ വിവരമില്ല | നടപടി തുടർന്നു വരുന്നു |
| 2000-01 | 15,20 | 2004-05 | ഫർണിച്ചറും ടി.വി യും വാങ്ങി സാക്ഷരതാ പദ്ധതി അവസാനിച്ചു | നടപടി തുടർന്നു വരുന്നു |
| 2010-11 | 3-9 | 2013-14 | ലഘു അവലോകനം | നടപടി തുടർന്നു വരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ,തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-02 | 13(1),(2) | കെ.പി അലവി, ഹെഡ്മാസ്റ്റർ, പൊതുവിദ്യാഭ്യാസ വകുപ്പ്. | LF17828/Spl.Cell /SC5/05 /11.07.08 | 17581/- | 51073/-, 112024000012, 11202400002dt.07-01-13 (പലിശ ഉൾപ്പടെ) | -- | -- | -- | -- | --- |

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ,തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2007-08 | 3-15 | കെ വേലായുധൻ, സെക്രട്ടറി, തദ്ദേശ സ്വയംഭരണ/ പഞ്ചായത്ത് വകുപ്പ്. | LF251/Spl.Cell /SCD1/2013 /10.10.14 | 15972/- | -- | -- | -- | -- | -- | 15972/- |
| 2 | 2008-09 | 3(2), 3-8(1),(2) | പി.പി രാജൻ, സെക്രട്ടറി, തദ്ദേശ സ്വയംഭരണ/ പഞ്ചായത്ത് വകുപ്പ്. | LF772/Sp.Cell /SC/D1/12 Dt:09.03.15 | 18750/- | -- | -- | -- | -- | -- | 18750/- |
| 3 | 2011-12, 2012-13 | 3-1,3-3 | കെ.പി മിനിമോൾ,എൽ.വി.ഇ.ഒ ഗ്രാമവികസന വകുപ്പ് | LF5817/Sp.Cell /CSC/D1/15 Dt:26.09.17 | 1210000/- | -- | -- | -- | -- | -- | 1210000/- |
| 4 | 2011-12, 2012-13 | 3-4 | ഡോ. കെ.എസ് കണ്ണൻ, വെറ്റി. സർജൻ, മൃഗസംരക്ഷണ വകുപ്പ് | LF58170/Sp.Cell /CSC/D1/15 Dt:26.09.17 | 10000/- | -- | -- | -- | -- | -- | 10000/- |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74360332 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78532814 |
| വരവിനങ്ങളിലുള്ള നഷ്ടം | 21473 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 104775 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 142455 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1065 | | ശ്രീമതി. പ്രസന്നകുമാരി, സെക്രട്ടറി |
| 2-4.1 | 135 | | ശ്രീ.മുഹമ്മദ് ഫൈസൽ,സെക്രട്ടറി ഇൻ ചാർജ്ജ്. |
| 2-4.3 | 396 | | ശ്രീ.നൈസാം എസ് |
| 2-4.4 | 7057 | | ശ്രീ.യോഗീന്ദ്ര ദേവൻ,സെക്രട്ടറി |
| 2-5(2,5,6) | 5337 | | ശ്രീമതി. പ്രസന്നകുമാരി, സെക്രട്ടറി |
| 3-7 | | 66563 | ശ്രീ.മൂസ്സ.വി.കെ,അസി. എഞ്ചിനിയർ |
| 3-9 | | 5950 | ശ്രീ.മൂസ്സ.വി.കെ,അസി. എഞ്ചിനിയർ |
| 3-11 | | 32262 | ശ്രീ.മൂസ്സ.വി.കെ,അസി. എഞ്ചിനിയർ |
| ആകെ | 21473 | 104775 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 142455 | ഡോ. റിനി.എം.ആർ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 142455 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. പ്രസന്നകുമാരി | സെക്രട്ടറി, പാണാവള്ളി ഗ്രാമപഞ്ചായത്ത്. | ഗോപാലകൃഷ്ണമന്ദിരം, വയലാർ ഈസ്റ്റ് പി.ഒ,ആലപ്പുഴ, 690574 |

| | | |
|---|---|---|
| ശ്രീ.മുഹമ്മദ് ഫൈസൽ,സെക്രട്ടറി ഇൻ ചാർജ്ജ്. | അസിസ്റ്റന്റ് സെക്രട്ടറി, മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് | കലിയംപറമ്പിൽ ഹൗസ്, കാളോത്ത്- ഒന്നാംമൈൽ, കൊണ്ടോട്ടി പി.ഒ, 673638 |
| ശ്രീ.യോഗീന്ദ്ര ദേവൻ,സെക്രട്ടറി | റിട്ടയേർഡ് | ദേവരാഗം ഹൗസ്, മണപ്പള്ളി നോർത്ത് പി.ഒ, തഴവ, കൊല്ലം 690574 |
| ശ്രീ. നൈസാം എസ് | സെക്രട്ടറി, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്. | എം.ആർ.എ ബി.22,മണ്ണേടിലെയിൽ, അമ്പലമുക്ക്, പേരൂർക്കട (പി.ഒ), തിരുവനന്തപുരം-5 |
| ശ്രീ.മൂസ്സ.വി.കെ,അസി. എഞ്ചിനിയർ. | അസി. എഞ്ചിനിയർ, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | മൂത്തേടത്ത്കുഴി ഹൗസ്, മാവൂർ പി.ഒ,കോഴിക്കോട് ജില്ല, 673661 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1966-67 | എൽ.എഫ്.എം.906/95തി:26.04.1995 | 2 | |
| 1970-71 | എൽ.എഫ്.എം.907/95തി:26.04.1995 | 2 | |
| 1978-79 | എൽ.എഫ്.എം.910/95തി:26.04.1995 | 4 | |
| 1979-80 | എൽ.എഫ്.എം.911/95 തി:26.04.1995 | 2 | |
| 1980-81 | എൽ.എഫ്.എം.912/95തി:26.04.1995 | 1 | |
| 1981-82 | എൽ.എഫ്.എം.913/95 തി:26.04.1995 | 2 | |
| 1982-83 | എൽ.എഫ്.എം.914/95തി:26.04.1995 | 3 | |
| 1984-85 | എൽ.എഫ്.എം.915/95 തി:26.04.1995 | 4 | |
| 1985-86 | എൽ.എഫ്.എം.917/95തി:26.04.1995 | 5 | |
| 1986-87 | എൽ.എഫ്.എം.918/95 തി:26.04.1995 | 10 | |
| 1987-88,88-89 | എൽ.എഫ്.എം.919/95തി:26.04.1995 | 17 | |
| 1989-90,90-91 | എൽ.എഫ്.എം.1260/95തി:21.01.1995 | 15 | |
| 1991-92 | എൽ.എഫ്.എം.920/95തി:26.04.1995 | 11 | |
| 1992-93 | എൽ.എഫ്.എം.1088/95തി:01.08.1995 | 6 | |
| 1992-93,94-95 | എൽ.എഫ്.എം.1299/97തി:13.07.1998 | 16 | |
| 1996-97 | എൽ.എഫ്.എം.13/1183/98 തി:03.05.1999 | 30 | |

| | | | |
|---|---|---|---|
| 1997-98,98-99, 99-2000 | എൽ.എഫ്.എം.7/1267/03 തി:20.03.2004 | 1 | |
| 2001-02 | എൽ.എഫ്.എം.8/1203/03 തി:23.03.2004 | 9 | |
| 2002-03 | എൽ.എഫ്.എം.8/502/08 തി:10.12.2008 | 11 | |
| 2003-04 | എൽ.എഫ്.എം.15/2297/08 തി:28.08.2009 | 6 | |
| 2004-05 | എൽ.എഫ്.എം.15/2297/08 തി:28.08.2009 | 9 | |
| 2005-06 | എൽ.എഫ്.എം.7/750/11 തി:14.01.2010 | 8 | |
| 2006-07 | എൽ.എഫ്.എം.15/1806/09 തി:15.01.2010 | 19 | |
| 2007-08 | എൽ.എഫ്.എം.7/1228/12 തി:16.11.2012 | 25 | |
| 2008-09 | എൽ.എഫ്.എം.7/1229/12 തി:16.11.2012 | 15 | |
| 2009-10 | എൽ.എഫ്.എം.7/2937/12 തി:17.01.2013 | 21 | |
| 2010-11 | എൽ.എഫ്.എം.7/1759/13 തി:19.11.2013 | 7 | |
| 2011-12, 12-13 | എൽ.എഫ്.എം.7/1473/14 തി:23.10.2014 | 12 | |
| 2013-14,14-15 | എൽ.എഫ്.എം.7/1625/16 തി:07-03-17 | 14 | |
| 2015-16 | നം .കെ .എസ് .എ.എം.പി.എം.7/3016 /2016തി:26.03.2018 | 12 | |
| 2016-17 | നം .കെ .എസ് .എ.എം.പി.എം.22/2198 /2017തി:24.05.2018 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.22/1208/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 03/11/2018

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Audit Certificate

No.KSA/MPM.22/1208/2018

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date: 03/11/2018

Certified that I have audited the Annual Financial Statement of Kuzhimanna Grama Panchayath in Malappuram District of the year ended on 31.3.18 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kuzhimanna Grama Panchayath for the year 2017-18 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department